വന്യമൃഗങ്ങൾ - ആന, കടുവ, പുലി, കരിങ്കുരങ്ങ്, സിംഹവാലൻ കുരങ്ങ്, കരടി, കുരമാൻ, വരയാട്, നീലഗിരി മാർട്ടിൻ, നീർനായ, കാട്ടുപൂച്ച, അളുങ്ക്, മലയണ്ണാൻ, ചാമ്പൽ, ചിങ്കണ്ണി, ഉടുമ്പ്, കടലാമകൾ, മലമ്പാമ്പ്, രാജവെമ്പാല.

പക്ഷികൾ - മലമുഴക്കി വേഴാമ്പൽ, പെരിഗ്രിൻ, ഫാൽക്കൺ, വൈറ്റ് ബെല്ലീഡ് സീ ഈഗിൾ, സിലോൺ ഫ്രോഗ് മൗത്ത്, ഓസ്പ്രേ, പീ ഫൗൾ.

സസ്യങ്ങൾ - ചെങ്കുറിഞ്ഞി, എബണി, ഈട്ടി, വെള്ളകിൽ, കൊടപ്പന, ചൂരൽ, കറുവ, വയനാവ്, നീലക്കുറിഞ്ഞി, ആരോഗ്യപച്ച, മരമഞ്ഞൾ, ലേഡീസ് സ്ലിപ്പർ ഓർക്കിഡ്.

(ബി) വന്യജീവി പരിരക്ഷണത്തിൽ വന്യജീവികളുടെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുക, സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, സംരക്ഷണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷം കുറയ്ക്കുക, ഇക്കോ ഡവലപ്പ്മെന്റ് പദ്ധതികൾ നടപ്പിലാക്കുക, പ്രകൃതി സംരക്ഷണ അവബോധന പ്രവർത്തനങ്ങൾ നടത്തുക, ഗവേഷണ പഠനങ്ങൾ നടത്തുക മുതലായ പരിപാടികൾ ഉണ്ട്.

(സി) ഉണ്ട്. ഇവയുടെ സംരക്ഷണത്തിനായി കേന്ദ്ര ഗവൺമെന്റിൽ നിന്ന് വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും 50% കേന്ദ്ര സഹായ പദ്ധതിയിൽ നിന്നും 100% കേന്ദ്ര സഹായ പദ്ധതികളായ പ്രോജക്ട് എലിഫെന്റ്, നീലഗിരി ബയോസ്ഫിയർ റിസർവ്, കാട്ടുതീ നിയന്ത്രണ പദ്ധതി എന്നിവയിൽ നിന്നും പ്രതിവർഷം ശരാശരി 3 കോടിരൂപ ധനസഹായം ലഭിക്കുന്നുണ്ട്. വേൾഡ് വൈൽഡ് ലൈഫ് സംഘടനയുടെ ടൈഗർ കൺസർവേഷൻ പ്രോഗ്രാമിൽ നിന്നും പെരിയാർ കടുവ സങ്കേതത്തിന് സംരക്ഷണ പ്രവർത്തനങ്ങൾക്കായി ധനസഹായം ലഭിച്ചിട്ടുണ്ട്.

## അനധികൃത മൃഗശാലകൾ

**99 (781)** ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അനധികൃത മൃഗശാലകളുണ്ട് ;

(ബി) പാലക്കാട് മലമ്പുഴ ഗാർഡൻസിനടുത്തുള്ള സ്നേക്ക് പാർക്ക് ആരുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത് ;

(സി) അനധികൃതമെങ്കിൽ പ്രസ്തുത സ്നേക്ക് പാർക്കിലെ ജീവികളെ പിടിച്ചെടുക്കാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഡി) ഈ സ്നേക്ക് പാർക്കിനടുത്തുള്ള മിനി മൃഗശാല ആരുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത് ;

(ഇ) പ്രസ്തുത മൃഗശാലയിലെ ജീവികളെ പിടിച്ചെടുക്കാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) തിരുവനന്തപുരത്തേയും തൃശൂരിലെയും മൃഗശാലകൾ ആരുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത് ;

(ജി) മൃഗശാലകൾ നടത്തിക്കൊണ്ടു പോകുന്നത് സംബന്ധിച്ച് കേന്ദ്ര മൃഗശാലാ അതോറിറ്റി പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ചട്ടങ്ങളും ഈ മൃഗശാലകൾ പാലിക്കുന്നുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനധികൃത മൃഗശാലകൾ ശ്രദ്ധയിൽപ്പെട്ടില്ല.

(ബി&സി) കേരളവനം വകുപ്പിന്റെ നിയന്ത്രണത്തിലാണ് ഈ സ്നേക്ക് പാർക്കിന്റെ പ്രവർത്തനങ്ങൾ സെൻട്രൽ സൂ അതോറിറ്റി അധികൃതർ വിലയിരുത്തിയിട്ടുണ്ട്.

(ഡി&ഇ) മിനി മൃഗശാല ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(എഫ്) സാംസ്കാരിക കാര്യവകുപ്പിന്റെ അധീനതയിലുള്ള മ്യൂസിയം മൃഗശാലാവകുപ്പിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്.

(ജി&എച്ച്) കേന്ദ്രമൃഗശാലാ അതോറിട്ടിയുടെ അംഗീകാര വ്യവസ്ഥകൾക്കു വിധേയമായാണ് ഈ മൃഗശാലകൾ പ്രവർത്തിക്കുന്നത്.

**വന്യജീവികളെ കണ്ടുകെട്ടൽ**

**100 (782)** ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജനുവരി മാസത്തിൽ പാലക്കാട് നഗരത്തിൽ മനുഷ്യരെ ഉപദ്രവിച്ച പുലിയെ വെടിവച്ചു കൊന്നിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ പേരിൽ ആർക്കെല്ലാമെതിരെ എന്തെല്ലാം നടപടികളെടുത്തു ;

(സി) 2000 ഡിസംബർ 10-ാം തീയതി പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിൽ വന്യജീവികളെ കണ്ടുകെട്ടി പിടിച്ചുകെട്ടിയപ്പോൾ മുറിവേറ്റതു മൂലവും മറ്റു വിധത്തിലും അവ ചാകുവാനും പരുക്കേൽക്കാനും ഇടയായതിന്റെ പേരിൽ ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥന്മാരുടെ മേൽ നടപടി എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) ഒരു നടപടിയെടുക്കാത്തപക്ഷം അതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly